പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1237

20.01.2014 ൽ
മറുപടിക്ക്

## നെൽവയൽ നീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.കെ.ദാസൻ :<br>ശ്രീ. കെ.വി.വിജയദാസ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ ഇളവുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നിയമഭേദഗതി കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; പരിഗണനയിലുള്ള ഇളവുകൾ എന്തെല്ലാമാണ് ; ഇതുപ്രകാരം എത്ര ശതമാനം നെൽവയലുകൾ കൂടി ഇല്ലാതാകും എന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) തീരുമാനിച്ചിട്ടില്ല. |
| (ബി) ഇളവ് നൽകുന്നതിന് നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതി അംഗങ്ങൾ ആരെല്ലാമാണ്; സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ ഉള്ളടക്കം ലഭ്യമാക്കാമോ ; | (ബി) 03-10-2013-ൽ സ.ഉ.(എം.എസ്) 433/13/റവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) സംസ്ഥാന വ്യാപകമായി വൻതോതിൽ അനധികൃത നിലം നികത്തൽ നടക്കുന്നതിന്റെ ഫലമായി നെൽവയലുകളുടെ വിസ്തൃതി ദിനംപ്രതി | (സി) വിലയിരുത്തിയിട്ടുണ്ട്.സംസ്ഥാനത്ത് 8,81,466 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2011-2012 -ൽ 2,08,016 ഹെക്ടറായി കുറഞ്ഞിരിക്കുന്നു. |

| | | | |
|---|---|---|---|
| | ചുരുങ്ങിവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാന രൂപീകരണ ഘട്ടത്തിൽ ഉണ്ടായിരുന്ന നെൽവയലുകളുടെയും നീർത്തടങ്ങളുടെയും വിസ്തൃതിയിൽ ഇപ്പോൾ എന്തുമാത്രം കുറവ് വന്നിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ ; വിശദമാക്കാമോ ; | | |
| (ഡി) | വർഷം തോറും ഭൂഗർഭ ജലവിതാനം ഗണ്യമായി താഴുന്നതിനും ജലസ്രോതസ്സുകൾ ഇല്ലാതാകുന്നതിനും നിലം നികത്തലുകൾ കാരണമാകുന്നുവെന്ന പഠന റിപ്പോർട്ടുകൾ പരിഗണിക്കുവാൻ തയ്യാറാകുമോ ; | (സി) & (ഇ ) | പരിഗണിക്കാവുന്നതാണ് |
| (ഇ ) | നിലം നികത്തൽ മൂലമുണ്ടാകുന്ന മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ ; | | |
| (എഫ്) | ഭൂമാഫിയകൾക്ക് സഹായകരമാകുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിയുന്നതിനും നിലം നികത്തുന്ന ഭൂമാഫിയകൾക്കും അതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥ വൃന്ദങ്ങൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ? | (എഫ്) | നിലവിലുള്ള നിയമങ്ങളനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

Sreelatha T.P

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - പൊതു ആവശ്യങ്ങൾക്കു വേണ്ടി നെൽവയൽ നികത്തേണ്ടി വരുന്ന സന്ദർഭങ്ങളിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവ് വരുത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി മന്ത്രിസഭ ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ (എം.എസ്) നം.433/13/റവ. തീയ്യതി തിരുവനന്തപുരം 03-10-2013

---

ഉത്തരവ്

പൊതു ആവശ്യങ്ങൾക്കു വേണ്ടി നെൽവയൽ നികത്തേണ്ടി വരുന്ന സന്ദർഭങ്ങളിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവു വരുത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ താഴെപ്പറയുന്ന അഞ്ച് മന്ത്രിമാർ അടങ്ങുന്ന ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കൃഷി -മൃഗ സംരക്ഷണ - പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ് മന്ത്രി (കൺവീനർ)
2. റവന്യൂ - കയർ വകുപ്പ് മന്ത്രി
3. വ്യവസായ - വിവര സാങ്കേതിക വിദ്യാ വകുപ്പ് മന്ത്രി
4. ധനകാര്യ - നിയമ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി
5. ഊർജ്ജ - ഗതാഗത വകുപ്പ് മന്ത്രി.

( ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )

ജി.കമലവർദ്ധന റാവു
ഗവ.സെക്രട്ടറി

മന്ത്രിസഭാ ഉപസമിതി അംഗങ്ങൾ
സെക്രട്ടറി, റവന്യൂ വകുപ്പ്
കാർഷികോല്പാദന കമ്മീഷണർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - 1. റവന്യൂ - കയർ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. കൃഷി -മൃഗ സംരക്ഷണ - പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. വ്യവസായ - വിവര സാങ്കേതിക വിദ്യാ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ധനകാര്യ - നിയമ - ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. ഊർജ്ജ - ഗതാഗത വകുപ്പ് മന്ത്രി.യുടെ പ്രൈവറ്റ് സെക്രട്ടറിക്ക്